# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 55 - 26/02/2018 -ലെ മറുപടിക്ക്

## കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ സമർപ്പിച്ച നിർദ്ദേശങ്ങൾ

**ചോദ്യം** | **ഉത്തരം**

ശ്രീ. കെ. കൃഷ്ണൻകുട്ടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | 2018-19 കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്താൻ സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | 2018-19 കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്താൻ കേന്ദ്ര ധനകാര്യ മന്ത്രി ശ്രീ. അരുൺ ജയ്റ്റ്ലിക്ക് സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 2018-19 -ൽ പൊതുവിപണിയിൽ നിന്നും കടമെടുക്കാവുന്ന പരിധി ജി.എസ്.ഡി.പി -യുടെ 3.5 ശതമാനമായി അനുവദിക്കുക.<br>2. കേന്ദ്ര നികുതി വിഹിതം എല്ലാ മാസത്തിന്റെയും തുടക്കത്തിൽ നൽകുക, ജി.എസ്.ടി -യുടെ നഷ്ടപരിഹാരം മാസത്തവണയായി അനുവദിക്കുക.<br>3. മുൻകാലങ്ങളിൽ കേന്ദ്ര നികുതി വിഹിതം നൽകിയതിലുണ്ടായ കുറവ് നികത്തുക.<br>4. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കുറഞ്ഞ കേന്ദ്ര വിഹിതം 75 ശതമാനമാക്കി ഉയർത്തുകയും കേന്ദ്ര വിഹിതം വിനിയോഗ സർട്ടിഫിക്കറ്റ് കൂടാതെതന്നെ രണ്ടോ മൂന്നോ തവണകളായി അനുവദിക്കുക.<br>5. പ്രകൃതി ക്ഷോഭങ്ങളെ നേരിടുന്നതിലേയ്ക്കായി സംസ്ഥാനത്തിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുക.<br>6. സാമൂഹ്യ സുരക്ഷ / ക്ഷേമ പെൻഷനുകൾ ഏറ്റവും കുറഞ്ഞത് 1000 രൂപയായി ഉയർത്തുക.<br>7. 50 രൂപ കേന്ദ്ര സഹായത്തോടുകൂടി റബ്ബറിന്റെ താങ്ങുവില കിലോഗ്രാമിന് 200 രൂപയാക്കി ഉയർത്തുക.<br>8. രാഷ്ട്രീയ സ്വാസ്ത്യ ബീമ യോജന (RSBY) -യുടെ കീഴിലുള്ള കുടുംബ വാർഷിക ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ 30,000/- -ൽ നിന്നും 1,00,000/- രൂപയായി വർദ്ധിപ്പിക്കുക. |

| | | |
|---|---|---|
| | | 9. കണ്ണൂരിൽ അന്തർദേശീയ ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.<br>10. എൽ.എൻ.ജി -യിൽ പ്രവർത്തിക്കുന്ന ഒരു യൂറിയ പ്ലാന്റ് കേരളത്തിന് അനുവദിക്കുക.<br>11. കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ സ്ഥാപിക്കുക<br>12. കേരള ഫൈബർ ഓപ്റ്റിക്കൽ നെറ്റ്‌വർക്കിന് ഫണ്ട് നീക്കി വയ്ക്കുക.<br>13. കേരളത്തിൽ ഓൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് തുടങ്ങുക.<br>14. കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ആരോഗ്യനിധി പദ്ധതിയിൽ തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്റർ കൂടി ഉൾപ്പെടുത്തുക<br>15. അങ്കമാലി - ശബരി റെയിൽ പ്രോജക്ടിന് ആവശ്യമായ ഫണ്ട് വകയിരുത്തുക.<br>16. തിരുവനന്തപുരം-കാസർഗോഡ് കോറിഡോർ പ്രോജക്ടിന് അനുമതി നൽകുകയും മതിയായ ഫണ്ട് വകയിരുത്തുകയും ചെയ്യുക.<br>17. തലശ്ശേരി - മൈസൂർ റെയിൽപാത നിർമ്മാണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ഇക്വിറ്റി വിഹിതം അനുവദിക്കുക.<br>18. തിരുവനന്തപുരം - തൂത്തുക്കുടി റോഡ് കം റെയിൽവേ കണക്റ്റിവിറ്റി സാദ്ധ്യതാ പഠനത്തിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനും അനുമതി നൽകുകയും മതിയായ ഫണ്ട് വകയിരുത്തുകയും ചെയ്യുക.<br>19. പശ്ചിമതീര കനാൽ നീട്ടുന്നത് സംബന്ധിച്ച് പദ്ധതി പ്രഖ്യാപിക്കുക. |
| ബി | കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങൾ എന്തൊക്കയാണ്; | ഖാരിഫ് വിളകൾക്ക് താങ്ങുവില (MSP) ഏർപ്പെടുത്തിയിട്ടുള്ളതായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ ആനുകൂല്യം സംസ്ഥാനത്തിലെ റബ്ബർ പോലുള്ളനാണ്യ വിളകൾക്ക് ലഭിക്കുകയില്ല.<br>സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റയിൽവേ അനുബന്ധ പദ്ധതികൾക്ക് മതിയായ തുക അനുവദിക്കാത്തത് സംസ്ഥാനത്തിന് തിരിച്ചടി ആയിട്ടുണ്ട്.<br>പൊതുവേ കേന്ദ്ര ബഡ്ജറ്റ് സംസ്ഥാനത്തിന് വേണ്ടത്ര പരിഗണന നൽകിയതായി കാണുന്നില്ല. |

| | | |
|---|---|---|
| സി | 2018-19 കേന്ദ്ര ബജറ്റിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതും നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന കേന്ദ്ര വിഹിതം എത്രയാണ്; വിവരങ്ങൾ തരം തിരിച്ച നൽകാമോ ? . | കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ, 2018-19 കേന്ദ്ര ബഡ്ജറ്റിൽ എല്ലാ സംസ്ഥാനങ്ങൾക്കുമായി 305517.12 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഓരോ സംസ്ഥാനത്തിനുമുള്ള വിഹിതം സംബന്ധിച്ചുള്ള വിവരം ഇപ്പോൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ